പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 382 **13-10-2026-ൽ മറുപടിയ്ക്ക്**

പെരിമ്പിലാവ് പോലീസ് സ്റ്റേഷൻ രൂപീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ കേസുകളുടെയും പരാതികളുടെയും എണ്ണം വർദ്ധിച്ചതുമൂലം അനുഭവപ്പെടുന്ന അമിത ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൃശ്ശൂർ ജില്ലയുടെ ഭാഗവും, മലപ്പുറം, പാലക്കാട് ജില്ലകളുമായി അതിർത്തി പങ്കിടുന്നതുമായ പെരിമ്പിലാവ് കേന്ദ്രീകരിച്ച് കടവല്ലൂർ, കാട്ടകമ്പാൽ, പോർക്കളം പഞ്ചായത്തുകൾ ഉൾപ്പെടുത്തി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ശിപാർശയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

മറുപടി: പെരുമ്പിലാവ് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

(സി) മൂന്ന് ജില്ലകളുടെ സംഗമ /അതിർത്തി പ്രദേശം എന്ന പ്രാധാന്യവും ജനങ്ങളുടെ സുരക്ഷയും ക്രമസമാധാനപാലനവും കണക്കിലെടുത്ത് പെരുമ്പിലാവിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മറുപടി: പെരുമ്പിലാവ് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ